പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1725 15.2.2016 ൽ മറുപടിയ്ക്ക്

## വികലാംഗർക്കായി മുച്ചക്രവാഹനങ്ങൾ

ചോദ്യം

ശ്രീ.പി.ടി.എ.റഹീം

മറുപടി

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും

വകുപ്പു മന്ത്രി)

| | |
|---|---|
| (എ) വികലാംഗർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങൾ സൌജന്യമായി ലഭ്യമാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (എ) വികലാംഗർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങൾ സൌജന്യമായി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ 313 പേർക്ക് മുച്ചക്രവാഹനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതിയിൽപ്പെട്ട 62 ഭിന്നശേഷിക്കാർക്ക് 10.2.2016 ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വച്ച് വിതരണം ചെയ്തിട്ടുണ്ട്. മുച്ചക്ര സ്കൂട്ടറിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിച്ച അപേക്ഷകളുടെ മുൻഗണനാപ്രകാരം 100 പേരുടെ പട്ടിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 70 ലക്ഷം രൂപ ഇതിലേയ്ക്കായി നീക്കി വച്ചിട്ടുണ്ട്. പട്ടിക ജാതിവിഭാഗത്തിൽപ്പെട്ട വികലാംഗർക്കായി മുച്ചക്ര വാഹനം വിതരണം ചെയ്യുന്നതിലേയ്ക്കായി 2 കോടി രൂപ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ